**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1072** **30-06-2022 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ? | (എ) | കരവാരം- നഗരൂർ - പുളിമാത്ത് പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയ്ക്ക് കിഫ്ബി ഫണ്ടു ഉപയോഗിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട് . പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് അഞ്ചിടത്തായി റവന്യൂ ഭൂമിയും രണ്ടിടത്ത് സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട് . സംപ്പും, പമ്പ് ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ് , ഉപരിതലജല സംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്, നെടുമ്പറമ്പ് ഹൈസ്കൂൾ പരിസരത്ത് 25 സെന്റ് , കടൽകാണി പാറയിൽ 15 സെന്റ് , ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ് എന്നിവയാണ് ഏറ്റെടുക്കേണ്ട റവന്യൂ വകുപ്പിന്റെ സ്ഥലങ്ങൾ. ടി സ്ഥലങ്ങൾ പാട്ടത്തിന് അനുവദിക്കുന്നതിലേക്കായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ 06.04.2019-ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട് . ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും, കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ട് . ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട് . [ഉത്തരവ് നം. സ.ഉ(സാധാ)നം.625/ 2019/ജവിവ തീയതി: 02.09.2019]. ടി സ്ഥലങ്ങൾ ഉടൻ തന്നെ ലഭ്യമാക്കാമെന്ന് വാക്കാൽ അറിയിച്ചിട്ടുള്ളതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും ലഭ്യമാക്കി ദർഘാസ് നടപടികളുമായി മുന്നോട്ടു പോകുകയാണ് . |

| | | | |
|---|---|---|---|
| | | | ടി പദ്ധതിയുടെ രണ്ടാം ഘട്ടമായി ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് 15438 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതിയ്ക്ക് 8917.14 ലക്ഷം രൂപയുടെ ഭരണാനുമതി ജലജീവൻ മിഷനിലുൾപ്പെടുത്തി നൽകിയിട്ടുണ്ട് . പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ